പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1918 — 04.12.2018-ലെ മറുപടിക്ക്

**<u>കെ.എസ്.ആർ.ടി.സി യുടെ മരാമത്ത് പണിയിൽ നൂതന സാങ്കേതിക വിദ്യകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എം.ഷാജി | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യുടെ മരാമത്ത് പണികളിൽ നൂതന സാങ്കേതിക വിദ്യകൾ ഏർപ്പെടുത്തുന്നതിനും പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും സുതാര്യമാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന എല്ലാ നിയമങ്ങളും കെ.എസ്.ആർ.ടി.സി.യുടെ മരാമത്ത് പണികൾ ചെയ്യുമ്പോൾ പാലിച്ചു വരുന്നുണ്ട്. എസ്റ്റിമേറ്റുകളെല്ലാം തന്നെ current DSR പ്രകാരവും e-tendering നടപടികൾ Price Software ഉപയോഗിച്ചുമാണ് നടന്നു വരുന്നത്. |
| (ബി) | ആയതിന്റെ ഫലമായി എന്തെല്ലാം അധിക നേട്ടങ്ങളാണ് കെ.എസ്.ആർ.ടി.സി ക്ക് ഉണ്ടായിട്ടുള്ളത് അല്ലെങ്കിൽ ഉണ്ടാകാൻ സാധ്യതയുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ടെൻഡർ നടപടികളിൽ കൂടുതൽ സുതാര്യതയും നിർമ്മാണ പ്രവൃത്തികളിൽ കൃത്യതയും പാലിക്കുവാൻ സാധിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത. പ്രവർത്തനങ്ങളുടെ സാമ്പത്തിക നിരീക്ഷണം ധനകാര്യ വകുപ്പിന്റെ ചുമതലയിലാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ ? | (സി) | കെ.എസ്.ആർ.ടി.സി.യിൽ എം.എൽ.എ ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികളുടെ സാമ്പത്തിക നിരീക്ഷണം ധനകാര്യ വകുപ്പിന്റെ ചുമതലയിലും എം.പി ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ സാമ്പത്തിക നിരീക്ഷണം ജില്ലാ കളക്ടറുടെ ചുമതലയിലുമാണ്. പ്ലാൻ ഫണ്ട് ഉപയോഗിച്ചും കെ.എസ്.ആർ.ടി.സി ഫണ്ടു പയോഗിച്ചുമുള്ള പ്രവൃത്തികളുടെ സാമ്പത്തിക നിരീക്ഷണം കെ.എസ്.ആർ.ടി.സി തന്നെയാണ് നിർവ്വഹിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**